Vol 05 Issue 02
January 2014

# LAHANTI

FROM THE HOUSE OF ESAF

ESAF MICROFINANCE & INVESTMENTS

esaf Financing Livelihoods

...means development in Santhali, the language of an underdeveloped tribal group in Eastern India.

## ചിന്തിക്കൂ ഒരു നിമിഷം

## പങ്കുവെയ്ക്കുന്നതിന്റെ ആനന്ദം!

**കൂട്ടിവെയ്ക്കുന്നതിലല്ല, പങ്കുവെയ്ക്കുന്നതിലാണ് ജീവിതത്തിന്റെ സൗഭാഗ്യം.**



43-ാമത്തെ വയസ്സിൽ ലോകത്തിലെ ഏറ്റവും വലിയ ധനികനായിത്തീർന്ന വ്യക്തിയാണ് ജോൺ ഡി. റോക്ക്ഫെല്ലർ (1839-1937). 20-ാമത്തെ വയസ്സിൽ വളരെ ചെറിയ രീതിയിൽ അദ്ദേഹം ആരംഭിച്ച ബിസിനസ്സ് സംരംഭം വളരെ വേഗത്തിൽവളർന്നു. പെട്രോളിയം വ്യവസായത്തിന്റെ സാധ്യതകൾ മുൻകൂട്ടികണ്ട് 1886-ൽ അദ്ദേഹം അമേരിക്കയിലെ ക്ലീവ്ലൻഡിൽ എണ്ണ ഖനനം ആരംഭിച്ചു. അമേരിക്കയിലെ ആദ്യത്തെ എണ്ണക്കമ്പനി അദ്ദേഹത്തിന്റേതാണ്-സ്റ്റാൻഡേർഡ് ഓയിൽ കമ്പനി. എണ്ണവ്യവസായത്തിലൂടെ അദ്ദേഹം ലോകത്തിലെ ഏറ്റവും വലിയ ധനികനായിത്തീർന്നു. ''എങ്ങനെ ബിസിനസ്സ് വിപുലീകരിക്കാം? എങ്ങനെ കൂടുതൽ ധനം സമ്പാദിക്കാം?'' ഇതുമാത്രമായിരുന്നു അദ്ദേഹത്തിന്റെ ചിന്ത. 'ആർജ്ജിക്കുക' എന്നതായിരുന്നു അദ്ദേഹത്തിന്റെ ആപ്തവാക്യം. അങ്ങനെയിരിക്കെ, നാഡീവ്യൂഹത്തെ ബാധിക്കുന്ന ഒരു പ്രത്യേക രോഗം അദ്ദേഹത്തിന് പിടിപെട്ടു. ശരീരത്തിലെ രോമം മുഴുവൻ കൊഴിഞ്ഞുപോയി. പാലും ബിസ്കറ്റുമല്ലാതെ മറ്റൊന്നും കഴിക്കുവാനുള്ള ദഹനശേഷി അദ്ദേഹത്തിനുണ്ടായിരുന്നില്ല. അകാല വാർദ്ധക്യത്തിന്റെ ലക്ഷണങ്ങൾ ശരീരത്തിൽ പ്രത്യക്ഷപ്പെട്ടു. മരണം അകലെയല്ല എന്ന യാഥാർത്ഥ്യം അദ്ദേഹത്തിന്റെ ഉറക്കം കെടുത്തി. മരിച്ചുകഴിഞ്ഞാൽ തന്റെ അളവറ്റ ധനം മുഴുവനും അന്യാധീനപ്പെട്ടുപോകുമെന്ന ചിന്ത അദ്ദേഹത്തെ അസ്വസ്ഥനാക്കി. തന്നെ സ്നേഹിക്കുവാനും കരുതുവാനും ആരുമില്ല എന്ന ചിന്ത അദ്ദേഹത്തെ തളർത്തി. മറ്റുള്ളവരിലേക്ക് സ്നേഹം പകർന്നെങ്കിൽ മാത്രമെ അത് തിരികെ ലഭിക്കുകയുള്ളൂ എന്ന യാഥാർത്ഥ്യം അദ്ദേഹം തിരിച്ചറിഞ്ഞു. പത്രക്കാർ ചരമക്കുറിപ്പുവരെ തയ്യാറാക്കിവെച്ച് അദ്ദേഹത്തിന്റെ മരണവാർത്തക്കായി കാത്തിരുന്നു.



*John D. Rockefeller*

രോഗക്കിടക്കയിൽ വെച്ച് ധനത്തെക്കുറിച്ചും മനുഷ്യബന്ധങ്ങളെക്കുറിച്ചും ആഴമായി ചിന്തിക്കുവാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു. സമ്പത്ത് മറ്റുള്ളവരുമായി പങ്കിടുവാനുള്ളതാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. "Love Money, Use people" എന്ന തന്റെ പ്രമാണം "Love people, Use money" എന്ന് തിരുത്തിയെഴുതുവാൻ അദ്ദേഹം തീരുമാനിച്ചു. അതിന്റെ സാക്ഷാത്കാരത്തിനായി 'റൊക്ക്ഫെല്ലർ ഫൗണ്ടേഷൻ' (Rockefeller Foundation) എന്ന സംഘടനയ്ക്ക് രൂപം കൊടുത്തു. ലക്ഷക്കണക്കിന് ഡോളർ വിദ്യാഭ്യാസത്തിനും വൈദ്യസഹായത്തിനുമായി നീക്കിവെച്ചു. ക്ഷയം, മലേറിയ തുടങ്ങിയ രോഗങ്ങൾക്ക് ഫലപ്രദമായ മരുന്നുകൾ വികസിപ്പിച്ചെടുക്കുന്നതിന് കണക്കില്ലാതെ പണം ചെലവഴിച്ചു. ശാരീരികവും മാനസികവുമായി പരിക്ഷീണിതനായിരുന്ന അദ്ദേഹത്തിന് ഉണർവ്വും ഉന്മേഷവുമുണ്ടായി. മരണത്തിലേക്ക് നീങ്ങിക്കൊണ്ടിരുന്ന അദ്ദേഹത്തിന്റെ ജീവിതം നവചൈതന്യമുള്ളതായിത്തീർന്നു. റോക്ക് ഫെല്ലറുടെ ചരമവാർത്തക്ക് കാതോർത്തിരുന്ന പത്രക്കാർക്ക് ചരമക്കുറിപ്പുകൾ കീറിക്കളയേണ്ടിവന്നു. 97 വയസ്സുവരെ അദ്ദേഹം സമാധാനത്തോടെ ജീവിച്ചു.

കൂട്ടിവെയ്ക്കുന്നതിലല്ല, പങ്കുവെയ്ക്കുന്നതിലാണ് ജീവിതത്തിന്റെ സൗഭാഗ്യം. ''വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നത് അനുഗ്രഹകരം'' എന്ന യേശുക്രിസ്തുവിന്റെ വാക്കുകൾ എത്ര സത്യമാണ്.

**ജേക്കബ് സാമുവൽ**
ഡയറക്ടർ, പ്രോഗ്രാംസ്

## എയിഡ്സ് ദിനം ആചരിച്ചു



ഡോ. അജിത് കുമാർ ക്ലാസ് നയിക്കുന്നു

മണ്ണുത്തി: ലോക എയ്ഡ്സ് ദിനാചരണത്തിൽ ഇസാഫും പങ്കുചേർന്നു. കേന്ദ്ര ഓഫീസിൽ സംഘടിപ്പിച്ച ബോധവൽക്കരണ പരിപാടിക്ക് തൃശ്ശൂർ മെഡിക്കൽ കോളേജ് ഡെർമറ്റോളജി വിഭാഗം പ്രൊഫസർ ഡോ. അജിത് കുമാർ നേതൃത്വം നൽകി. ഇസാഫ് പ്രോഗ്രാംസ് ഡയറക്ടർ ജേക്കബ് സാമുവൽ അദ്ധ്യക്ഷതവഹിച്ചു. ഡയറക്ടർ ഓപ്പറേഷൻസ് ജോർജ്ജ് തോമസ്, അസ്സി. ജനറൽ മാനേജർ ബീന ജോർജ്ജ് എന്നിവർ പ്രസംഗിച്ചു.

## തെരുവുനാടകം അവതരിപ്പിച്ചു

തൃശ്ശൂർ: അന്താരാഷ്ട്ര മനുഷ്യാവകാശദിനത്തോടനുബന്ധിച്ച് ഇസാഫും തൃശ്ശൂർ സെന്റ് തോമസ് കോളേജിലെ സോഷ്യൽ വർക്ക് വിദ്യാർത്ഥികളും ചേർന്ന് കാൽനടയാത്രക്കാരുടെ അവകാശങ്ങൾ മുൻനിർത്തി തൃശ്ശൂർ ശക്തൻ സ്റ്റാൻഡിലും വടക്കേച്ചിറ ബസ് സ്റ്റാൻഡിലും തെരുവുനാടകം അവതരിപ്പിച്ചു. നഗരങ്ങളിൽ വർദ്ധിച്ചുവരുന്ന കാൽനടയാത്രക്കാരുടെ അപകടമരണങ്ങൾ, കാൽനടയാത്രക്കാർക്കുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, വാഹനമോടിക്കുമ്പോൾ കാൽനടയാത്രക്കാരോട് പുലർത്തേണ്ട മനോഭാവം എന്നിവ തെരുവ് നാടകത്തിന്റെ പ്രമേയങ്ങളായി. കാൽനടയാത്രക്കരുടെ അവകാശ സംരക്ഷണത്തിനായി പൊതുജനങ്ങൾ ഒറ്റക്കെട്ടായി മുന്നോട്ട് വരണമെന്ന ആശയവും നാടകത്തിലൂടെ അവതരിപ്പിച്ചു. ഇസാഫ് ലിവബിൾ സിറ്റീസ് പ്രോഗ്രാം ഡയറക്ടർ ജേക്കബ് സാമുവൽ, പ്രോഗ്രാം മാനേജർ ബീന ജോർജ്ജ്, സെന്റ് തോമസ് കോളേജ് സോഷ്യൽ വർക്ക് വിഭാഗം മേധാവി ഫാ. ബൈജു ചാക്കേരി എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.



തൃശ്ശൂർ വടക്കേച്ചിറയിൽ അരങ്ങേറിയ തെരുവുനാടകത്തിൽ നിന്ന്

## ഇസാഫ് ഗ്ലോറിയ 2013

മണ്ണുത്തി: ഇസാഫ് കേന്ദ്ര ഓഫീസിന്റെ ക്രിസ്തുമസ് ആഘോഷം മണ്ണുത്തി സെന്റ് ആന്റണീസ് പാരിഷ് ഹാളിൽ സംഘടിപ്പിച്ചു. സീറോ മലബാർ സഭയുടെ കൂരിയ ബിഷപ്പ് മാർ ബോസ്കോ പുത്തൂർ ക്രിസ്തുമസ് സന്ദേശം നൽകി. ഇസാഫ് ക്വയറിന്റെ ഗാനങ്ങളും സ്റ്റാഫ് അംഗങ്ങളുടെ കലാപരിപാടികളും ക്രിസ്തുമസ് പരിപാടിയെ മനോഹരമാക്കി. കെ. പോൾ തോമസ്, ജേക്കബ് സാമുവൽ എന്നിവരും പ്രസംഗിച്ചു.



മാർ ബോസ്കോ പുത്തൂരിന് കെ.പോൾ തോമസ് ഉപഹാരം നൽകി ആദരിച്ചപ്പോൾ




ഇസാഫ് ക്വയറിന്റെ ക്രിസ്തുമസ്സ് കാരൾ

## ഇസാഫ് നിധി ആരംഭിച്ചു

മണ്ണുത്തി: ഇസാഫ് നിധി കേരള ലിമിറ്റഡിന്റെ ആദ്യ ബ്രാഞ്ചിന്റെ ഉദ്ഘാടനം മണ്ണുത്തിയിൽ ഇസാഫ്



കെ. പോൾ തോമസ് ഇസാഫ് നിധിയുടെ ഉദ്ഘാടനം നിർവ്വഹിക്കുന്നു.



ആശിഷ് ക്രിസ് പോൾ ആദ്യ അക്കൗണ്ട് തുറക്കുന്നു

സ്ഥാപക ചെയർമാൻ കെ. പോൾ തോമസ് നിർവ്വഹിച്ചു. എച്ച്.ആർ ഹെഡ് മെറീന പോൾ ഭദ്രദീപം കൊളുത്തുകയും മാസ്റ്റർ ആശിഷ് ക്രിസ് പോൾ ആദ്യ അക്കൗണ്ട് തുറക്കുകയും ചെയ്തു. ഇസാഫ് പ്രോഗ്രാംസ് ഡയറക്ടർ ജേക്കബ് സാമുവൽ സമർപ്പണ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി.

## അവാർഡുകൾ വിതരണം ചെയ്തു



ആനന്ദ് ജസ്റ്റിന് ജോർജ്ജ് തോമസ് സർട്ടിഫിക്കറ്റ് നൽകുന്നു

മണ്ണുത്തി: ഇസാഫ് സൊസൈറ്റി സംഘടിപ്പിച്ച ഉപന്യാസ രചനാമത്സരത്തിൽ ഡോണ മാത്യു, ആനന്ദ് ജസ്റ്റിൻ എന്നിവർ യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കി. വിജയികൾക്ക് ഇസാഫ് മൈക്രോഫിനാൻസ് ഡയറക്ടർ ഓപ്പറേഷൻസ് ജോർജ്ജ് തോമസ് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും വിതരണം ചെയ്തു.

## കാൽനട യാത്രാദിനം ആചരിച്ചു

മണ്ണുത്തി: ഇസാഫ് ലിവബിൾ സിറ്റീസ് നെറ്റ്‌വർക്കിന്റെ നേതൃത്വത്തിൽ സ്കൂളിലേക്കുള്ള കാൽനടയാത്രാദിനം മുക്കാട്ടുകര ബെത്‌ലഹേം ഹൈസ്കൂളിൽ ആചരിച്ചു. സ്കൂളിലേക്ക് നടന്നു പോകുന്ന കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്ന സാഹചര്യത്തിൽ കാൽനടയാത്രയുടെ പ്രാധാന്യം ഓർമ്മിപ്പിക്കുന്നതിനും അതിനായി കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയാണ് ഈ ദിനം ആചരിച്ചത്. ഒല്ലൂക്കരയിൽ നിന്ന് ആരംഭിച്ച പദയാത്രസന്ദേശ റാലി മണ്ണുത്തി അഡീഷണൽ എസ്.ഐ നജീബ് ഫ്ളാഗ് ഓഫ് ചെയ്തു. റാലിയെ തുടർന്ന് കാൽനടയാത്രയുടെ പ്രാധാന്യത്തെക്കുറിച്ച് സെമിനാറും സംഘടിപ്പിച്ചു. പോലീസ് പ്രതിനിധി എം.സി. ബിജു ക്ലാസ് നയിച്ചു. പ്രൊജക്ട് ഡയറക്ടർ ജേക്കബ് സാമുവൽ, പ്രൊജക്ട് മാനേജർ ബീന ജോർജ്ജ് എന്നിവരും പ്രസംഗിച്ചു.




ഒല്ലൂക്കരയിൽ സംഘടിപ്പിച്ച കാൽനടസന്ദേശ റാലി

## മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു




ഇസാഫ് ഹോസ്പിറ്റലിന്റെ മെഡിക്കൽ എയ്ഡ് പോസ്റ്റ്

പാലക്കാട്: കൽപ്പാത്തി രഥോത്സവത്തോടനുബന്ധിച്ച് ഇസാഫ് ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ സൗജന്യ രക്തസമ്മർദ്ദ പരിശോധനയും പ്രമേഹ പരിശോധനയും സംഘടിപ്പിച്ചു. ഇരുന്നൂറിലധികം ആളുകൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു.

## അക്ഷരജ്യോതി പദ്ധതിക്ക് തുടക്കമായി



മെറീന മാർട്ടിൻ വിദ്യാർത്ഥി പ്രതിനിധികൾക്ക് പത്രം നൽകി ഉദ്ഘാടനം നിർവ്വഹിക്കുന്നു.

കോതമംഗലം: ഇസാഫിന്റെ നേതൃത്വത്തിൽ മംഗളം അക്ഷരജ്യോതി പദ്ധതിക്ക് വടാട്ടുപാറ പൊയ്ക ഗവ. ഹൈസ്കൂളിൽ തുടക്കമായി. ഏരിയ മാനേജർ മെറീന മാർട്ടിൻ വിദ്യാർത്ഥികൾക്ക് മംഗളം ദിനപത്രം നൽകി പദ്ധതി ഉദ്ഘാടനം ചെയ്തു.

## നെറ്റ്‌വർക്ക് യോഗം സംഘടിപ്പിച്ചു



പരിപാടിയിൽ ജേക്കബ് സാമുവൽ ആമുഖപ്രഭാഷണം നടത്തുന്നു

തൃശ്ശൂർ: കാൽനടയാത്രക്കാരുടെയും കുട്ടികളുടെയും സുരക്ഷ മുൻനിർത്തി ഇസാഫ് ലിവബിൾ സിറ്റീസ് നെറ്റ്‌വർക്ക് പൊതുജനങ്ങൾക്കും നെറ്റ്‌വർക്ക് അംഗങ്ങൾക്കുമായി യോഗം സംഘടിപ്പിച്ചു. വൈ.എം.സി.എ ഹാളിൽ സംഘടിപ്പിച്ച പരിപാടിയിൽ ലിവബിൾ സിറ്റീസ് പ്രോഗ്രാം ഡയറക്ടർ ജേക്കബ് സാമുവൽ അദ്ധ്യക്ഷത വഹിച്ചു. കോർപ്പറേഷൻ സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർമാൻ ഡോ.എം.ഉസ്മാൻ, പോലീസ് പ്രതിനിധി എം.സി.ബിജു, ഇസാഫ് ആർ&ഡി സീനിയർ മാനേജർ സന്ധ്യസുരേഷ്, പ്രൊജക്ട് ഓഫീസർ ജിനു വർഗ്ഗീസ്, പ്രൊജക്ട് കോ-ഓർഡിനേറ്റർ ബിബിൻ ജോസ് എന്നിവർ പ്രസംഗിച്ചു. കാൽനടയാത്രക്കാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, സുരക്ഷിതമായ നടപ്പാതകളുടെ അഭാവം, പാർക്കുകളുടെ ശോച്യാവസ്ഥ എന്നിവ ചർച്ച ചെയ്യപ്പെട്ടു. കാൽനടയാത്രക്കാരുടെ അവകാശസംരക്ഷണത്തിന് എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തം അനിവാര്യമാണെന്ന് യോഗം വിലയിരുത്തി.



ESAF NIDHI
together we grow...
DECLARED AS 'NIDHI' BY GOVT. OF INDIA
(ESAF NIDHI KERALA LIMITED, FORMERLY KNOWN AS ANANTHAPURI BENEFIT FUND LIMITED)

GOLD LOAN
FIXED DEPOSIT
SAVINGS DEPOSIT
RECURRING DEPOSIT

Branch: IGM Building, Mannuthy, Thrissur
Ph: 0487 2370 977
096459 38572, 093490 09697

National Pension System
A hand to hold for the elderly
Scan the QR Code for more info.
nps@esafmicrofin.com
PFRDA